2024
നവംബർ

KARSHAKA SREE
2024 November

മലയാള മനോരമ

# കർഷകശ്രീ

കർഷകർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും

വില: ₹ 20

വിത്ത് പാക്കറ്റ്
സൗജന്യം
വെണ്ട, ചീര,
വള്ളിപ്പയർ

## ഇഞ്ചി, മരച്ചീനി, റബർ, നെല്ല്
## പച്ചക്കറി, പൈനാപ്പിൾ, മത്സ്യം
# ഇരട്ടിയാക്കാം
# വിളവും വരുമാനവും



ചീര വിറ്റ്
കോടീശ്വരൻ

വിപണിയൊരുക്കി
കേരളാഗ്രോ

മത്സ്യക്കൃഷിക്ക്
പുതിയ ഇനം

കർഷകശ്രീ
EXCLUSIVE
★★★★★

തൊഴുത്തിലുറപ്പാക്കാം
പാലൊഴുക്കും പശുക്കളെ




കാർബൺ ക്രെഡിറ്റ് പ്രോജക്ട് രണ്ടാം ഘട്ട ഉദ്ഘാടനം ചെയർമാൻ കെ.വി. അശോകൻ നിർവഹിക്കുന്നു. ലോ കാർബൺ സൊല്യൂഷൻസ് സിഇഒ ലതീഷ് വി.കെ., ദീസൻ ഫാം ഉടമയും ദേശീയ അവാർഡ് ജേതാവുമായ ജെ. ജ്ഞാനശരവണൻ, ക്ലീൻ എർത്ത് എൽഎൽപി - യുഎസ്എ പ്രതിനിധി ഡോ.ഗണപതി, കൃഷിവകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ കെ.ജെ. ഒനിൽ, കൈരളി ഡയറക്ടമാരായ ജസ്‌ലിൻ ജയിംസ്, നൗഫൽ, നിഷ രാജു, പ്രസാദ്, ഡിജിഎം മഹേഷ് എന്നിവർ സമീപം.

# കൈരളിയിലൂടെ നേടാം കാർബൺ ക്രെഡിറ്റ്

## രാജ്യത്ത് ആദ്യമായി ഒരു കർഷക സഹകരണ പ്രസ്ഥാനം കാർബൺ ക്രെഡിറ്റ് പദ്ധതി നടപ്പാക്കുന്നു

പുനരുൽപാദന കൃഷിരീതികളിലൂടെ കാർബൺ കുറയ്ക്കൽ പദ്ധതിക്കു നേതൃത്വം നൽകുന്ന രാജ്യത്തെ ആദ്യ കർഷക സഹകരണ പ്രസ്ഥാനമായ കൈരളി അഗ്രികൾചർ മൾട്ടി സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി പുതിയ വഴിത്തിരിവിലേക്ക്. താഴെത്തട്ടിലുള്ള കർഷകരെ പ്രധാന പങ്കാളികളാക്കിക്കൊണ്ട് അവർ സൃഷ്ടിക്കുന്ന കാർബൺ ക്രെഡിറ്റ് ആഗോള വിപണിയിൽ വിപണനം ചെയ്യുകയാണ് കൈരളി ചെയ്യുന്നത്. കാലാവസ്ഥവ്യതിയാനത്തിനും ആഗോളതാപനത്തിനും എതിരെയുള്ള വലിയ പ്രവർത്തനമാണ് ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സൊസൈറ്റി ചെയ്യുന്നത്. ഒപ്പം, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്ന സാധാരണ കർഷകരിലേക്ക് ആഗോളവിപണി നൽകുന്ന സാമ്പത്തികനേട്ടങ്ങൾ എത്തുന്നു എന്നും കൈരളി ഉറപ്പാക്കുന്നു. യുണൈറ്റഡ് നേഷൻസ് പ്രഖ്യാപിച്ചിട്ടുള്ള 'SUSTAINABLE DEVELOPMENT' എന്ന ലക്ഷ്യത്തിലെ 17 സൂചികകളിൽ 11 ഉം ഈ പദ്ധതി നേരിട്ട് ഉൾക്കൊള്ളുന്നു എന്നതും പ്രത്യേകതയാണ്. കർഷകർക്കിടയിൽ സൗജന്യമായാണ് സൊസൈറ്റി കാർബൺ ക്രെഡിറ്റ് പദ്ധതി നടപ്പാക്കുന്നത്.



*കെ .വി .അശോകൻ*
*(ചെയർമാൻ)*

കൈരളി അഗ്രികൾചർ മൾട്ടി സ്റ്റേറ്റ് കോ– ഓപ്പറേറ്റീവ് സൊസൈറ്റിയും ക്ലൈമറ്റ് ടെക് കമ്പനിയായ ലോ കാർബൺ സൊല്യൂഷൻസും സംയുക്തമായി ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ ഗണ്യമായ പുരോഗതി നേടിക്കഴിഞ്ഞു. പുനരുൽപാദന കൃഷിരീതികളിലൂടെ സൗജന്യമായി കർഷകരെ പങ്കുകാരാക്കി കാർബൺ ക്രെഡിറ്റ് സൃഷ്ടിക്കുന്ന ഈ മഹത്തായ സംരംഭത്തിൽ 12 മാസംകൊണ്ട് പന്തീരായിരത്തിലധികം കർഷകരും 25,000 ഏക്കർ കൃഷിയിടവും ഭാഗമായിക്കഴിഞ്ഞു.

### പൈലറ്റ് പ്രോജക്ട്

നിലവിൽ പദ്ധതിയുടെ ഭാഗമായിക്കഴിഞ്ഞ 25000 ഏക്കർ കൃഷിയിടത്തിൽ നെല്ല്, തെങ്ങ്, കമുക്, തേയില, കാപ്പി, റബർ, തണൽമരങ്ങൾ, വാഴ, മുള, കണ്ടൽക്കാടുകൾ എന്നിവയുൾപ്പെടെ വിവിധ വിളകളിലൂടെ കാർബൺ ക്രെഡിറ്റ് ഉൽപാദനരീതികൾ നടപ്പാക്കുക എന്നതാണ് പൈലറ്റ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പൈലറ്റ് പ്രോജക്ട് വിജയകരമായി പൂർത്തിയാക്കി അടുത്ത 24 മാസത്തിനുള്ളിൽ, ഒരു ലക്ഷം ഏക്കർ കൃഷിയിടത്തിലേക്ക് പദ്ധതി വ്യാപിപ്പിക്കും. കർഷകർക്ക് അധിക സാമ്പത്തികനേട്ടവും പ്രകൃതി സംരക്ഷണത്തിലൂടെ ആരോഗ്യസംരക്ഷണവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്കാണ് സൊസൈറ്റി എത്തിച്ചേരുന്നത്.

### അംഗീകാരം, സഹകരണം

സൊസൈറ്റിയുടെ ഈ പദ്ധതിക്ക് ഇതിനോടകം രാജ്യാന്തര അംഗീകാരവും സഹകരണവും ലഭിച്ചു കഴിഞ്ഞു. സ്വിറ്റ്സർലൻഡിലെ ജനീവ ആസ്ഥാനമായി പ്രവർത്തിക്കുന്ന, കാർബൺ ക്രെഡിറ്റുകളുടെ ആഗോള സ്ഥിരീകരണ




*സ്വിറ്റ്സർലൻഡിലെ ജനീവയിൽ വേൾഡ് എൻവയോൺമെന്റ് ഹൗസിലെ ഗോൾഡ് സ്റ്റാൻഡേർഡ് ഇന്റർനാഷനൽ ഇൻവെസ്റ്റ്മെന്റ് ജനറൽ മാനേജർ ഗാരി ന്യൂകമർനോടൊപ്പം ചെയർമാൻ കെ.വി. അശോകൻ, ഡയറക്ടർ ജസ്ലിൻ ജയിംസ്, ലോ കാർബൺ സൊല്യൂഷൻ സിഇഒ  ലതീഷ് വി.കെ. എന്നിവർ.*

ഏജൻസി ആയ ഗോൾഡ് സ്റ്റാൻഡേർഡുമായി സഹകരിച്ചാണ് സൊസൈറ്റി പദ്ധതി നടപ്പാക്കുന്നത്. 2024 സെപ്റ്റംബർ 22 ാം തീയതി ജനീവയിലെ വേൾഡ് എൻവയൺമെന്റ് ഹൗസിലുള്ള ഗോൾഡ് സ്റ്റാൻഡേർഡിന്റെ ആസ്ഥാനത്തു വച്ച് സൊസൈറ്റി ചെയർമാൻ കെ.വി. അശോകൻ, ഡയറക്ടർ ജെസ്ലിൻ ജയിംസ്, ലോ കാർബൺ സൊല്യൂഷൻ സിഇഒ ലതീഷ് വി.കെ. എന്നിവർ ഗോൾഡ് സ്റ്റാൻഡേർഡിലെ ഇന്റർനാഷനൽ ഇൻവെസ്റ്റ്മെന്റ് ജനറൽ മാനേജർ ഡോ. ഗാരി ന്യൂകമർനുമായി പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹകരണവും ഉറപ്പാക്കുകയും ചെയ്തു. അതോടൊപ്പം ലോ കാർബൺ സൊല്യൂഷന്റെ പേറ്റന്റ് ഉൽപന്നമായ MICRO ALGAE അടിസ്ഥാനമാക്കിയുള്ള LIQUID TREE PROJECT നും എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്യുകയുണ്ടായി. കാർബൺ ക്രെഡിറ്റ് പദ്ധതിയെയും LIQUID TREE പദ്ധതിയെയും കുറിച്ച് സ്വിറ്റ്സർലൻഡ് എംപി ഡോ.നിക്ക് ഗുഗ്ഗുമായി കൈരളിയുടെ പ്രതിനിധി സംഘം ചർച്ച ചെയ്തു. അദ്ദേഹവും ഈ പ്രോജക്ടിന് എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്തു.

നിലവിൽ പദ്ധതിയുടെ ഭാഗമായ പ്രാരംഭ സർവേയിലൂടെ വിവരശേഖരണം നടത്തുകയാണ്. 2025 മാർച്ച് അവസാനത്തോടെ THE BASELINE FOR CARBON FOOTPRINT MEASUREMENT പൂർത്തിയാക്കാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നത്. പ്രത്യേക വിവരങ്ങൾക്കും പ്രാദേശിക ജനസംഖ്യാശാസ്ത്രത്തിനും അനുയോജ്യവും  നൂതനവുമായ CARBON EMMISSION REDUCTION രീതികൾ വികസിപ്പിക്കുന്നതിന് ഈ വിവരങ്ങൾ അടിത്തറ നൽകും. ഈ വർഷം അവസാനത്തോടെ പ്രോജക്ട് വിജയകരമായി പൂർത്തിയായി കാർബൺ ക്രെഡിറ്റുകൾ ലഭ്യമാകുമെന്ന വിശ്വാസത്തിലാണു മുന്നോട്ടു നീങ്ങുന്നത്.

## സാങ്കേതികവിദ്യ  വിരൽത്തുമ്പിൽ

പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കർഷകർക്കു കൂടുതൽ പിന്തുണ നൽകുന്നതിനും അംഗങ്ങൾക്കായി ഒരു മൊബൈൽ ആപ്പും കൈരളി വികസിപ്പിക്കുന്നുണ്ട്. മണ്ണും കാലാവസ്ഥയും സംബന്ധിച്ചുള്ള തത്സമയ അപ്ഡേറ്റുകൾ ആപ്പ് നൽകും. കാലാവസ്ഥ നിർണയിച്ച് അതിന് അനുസൃതമായ തീരുമാനങ്ങൾ എടുക്കാനും സുസ്ഥിര കൃഷിയിലേക്ക് കർഷകരെ നയിക്കാനും ഇതു ഗുണം ചെയ്യും. സാങ്കേതിക വിജ്ഞാനവും സർക്കാർ പദ്ധതികളും സേവനങ്ങളും ഈ ആപ്പിലൂടെ ലഭ്യമാകും.

കൈരളിയും ലോ കാർബൺ സൊല്യൂഷനും നേതൃത്വം നൽകുന്ന കാർബൺ ക്രെഡിറ്റ് പ്രോജക്ട് നടപ്പാക്കുന്നത് പരിസ്ഥിതി സംരക്ഷണത്തിനു മാത്രമല്ല, കർഷകരുടെ ശാക്തീകരണത്തിനും പുതിയ വരുമാനമാർഗങ്ങൾ സൃഷ്ടിക്കുന്നതിനും വഴിവയ്ക്കും. അങ്ങനെ രാജ്യത്തെ കർഷക സഹകരണ സംഘങ്ങൾക്കു മാതൃകയാകാനും കൈരളി സൊസൈറ്റിക്കു  കഴിയും. പദ്ധതി വിജയകരമായി നടപ്പാക്കുന്നതിലൂടെ 'പ്രകൃതി സംരക്ഷണത്തിലൂടെ ആരോഗ്യം സംരക്ഷിച്ച് സമ്പന്നരാവുക' എന്ന ദർശനം കൈവരിക്കാനാകും എന്ന ഉറച്ച വിശ്വാസത്തിലാണ് സൊസൈറ്റി മുൻപോട്ടു നീങ്ങുന്നത്.

ഫോൺ: 0487-2426366, 8078900222
Web: www.kairalimscs.com
E-mail: admin@kairalimscs.com

## നാഴികക്കല്ലുകളുടെ വർഷം

- 2024 ഓഗസ്റ്റിൽ ഔദ്യോഗികമായി ആരംഭിച്ച പൈലറ്റ് സംരംഭത്തോടെ പദ്ധതി അതിന്റെ നിർണായക ഘട്ടത്തിലേക്കു പ്രവേശിച്ചു.  പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തുകയും കർഷകരിൽ പദ്ധതിയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പാലക്കാട് മീനാക്ഷിപുരത്തുള്ള ജൈവകർഷക അവാർഡ് ജേതാവ് ജെ.ജ്ഞാനശേഖരന്റെ 32 ഏക്കർ സുസ്ഥിര കൃഷിയിടം പരിശീലനകേന്ദ്രങ്ങളിൽ ഒന്നായി തിരഞ്ഞെടുക്കുകയും ചെയ്തു.
- 2024 ജൂലൈ 25-ാം തീയതി ഈ ട്രെയിനിങ് സെന്ററിൽ വച്ച് പദ്ധതിയിൽ അംഗങ്ങളായ 200 കർഷകർക്ക് ഒരു ദിവസത്തെ പരിശീലനം നൽകി. അങ്ങനെ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. കൈരളി സൊസൈറ്റി ചെയർമാൻ കെ.വി. അശോകൻ, ഡയറക്ടർമാരായ ജെസ്ലിൻ ജയിംസ്, നിഷ രാജു, പ്രസാദ്, പ്രോജക്ട് മാനേജർ ദയാനന്ദ് പത്മാലയം, ലോ കാർബൺ സൊല്യൂഷൻസ് സിഇഒ ലതീഷ്,  കാർബൺ വിപണിയിൽ ആഗോളതലത്തിലെ മുൻനിര കമ്പനികളിലൊന്നായ ക്ലീൻ എർത്ത് യുഎസ്എയിൽനിന്നുള്ള ഡോ. ഗണപതി അറുമുഖം, കേരള കൃഷി വകുപ്പിൽനിന്നു വിരമിച്ച ഡപ്യൂട്ടി ഡയറക്ടർ ഒനിൽ കെ.ജെ. എന്നിവർ ഉൾപ്പെടെ പ്രമുഖരുടെ പങ്കാളിത്തത്തോടെയാണ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്.